# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1192/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1192/2023 തീയ്യതി: 21/09/2023

## കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ഷിജില വി. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബി. ഷംസുദ്ദീൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് ബാബു. കെ. | സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീ. അജകുമാർ. ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2022 | 16-10-2022 |
| ശ്രീ. സുരേഷ് ബാബു. കെ. | സെക്രട്ടറി | 17-10-2022 | 12-02-2023 |
| ശ്രീ. അനിൽകുമാർ. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അജകുമാർ. ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-10-2022 |
| ശ്രീ. അനിൽകുമാർ. എം. | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീ. സുമേഷ്. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 23-09-2022 |
| ശ്രീമതി. ആതിര. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-09-2022 | 11-10-2022 |
| ശ്രീ. അക്ഷയ്. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 27-01-2023 |
| ശ്രീ. രജീഷ്. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-01-2023 | 07-03-2023 |
| ശ്രീ. ജിതിൻ കെ എബ്രഹാം | അസിസ്റ്റന്റ് എഞ്ചിനീയർ | 08-03-2023 | 31-03-2023 |
| ശ്രീമതി. ദീപ. കെ. | കൃഷി ഓഫീസർ | 01-04-2022 | 29-10-2022 |
| ശ്രീ. പ്രമോദ്. എസ്. | കൃഷി ഓഫീസർ | 30-10-2022 | 31-03-2023 |
| ശ്രീ. ഷൈൻലാൽ. സി. എൻ. | വി.ഇ.ഒ. പടിയൂർ | 01-04-2022 | 31-03-2023 |
| ശ്രീ. തസ്ലീം. ടി. പി. | വി.ഇ.ഒ. കല്യാട് | 01-04-2022 | 31-03-2023 |
| ഡോ. സത്യജൻ. ടി. പി. | മെഡിക്കൽ ഓഫീസർ PHC | 01-04-2022 | 31-03-2023 |
| ഡോ. അഭിലാഷ്. ടി. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അമ്പിളി. സി. | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 06-06-2022 |
| ഡോ. വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ GAD | 07-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. റിൻഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 07-11-2022 |
| ശ്രീമതി. പൊന്നി. എം. സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-11-2022 | 31-03-2023 |
| ശ്രീ. റിജിൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-12-2022 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 31-03-2023 |
| ശ്രീമതി.ദീപ തോമസ് | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| ശ്രീമതി.ഷൈമ.പി. | ഐ സിഡി എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സമയ ബന്ധിതമായി ഡിമാന്റ് എൻടികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ - അപാകത | 1-1-4 |
| 6 | ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാ**ർ**ഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 1-1-7 |
| 9 | അഡ്വാൻസ് ടു അഡ്ജസ്റ്റ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുക ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | പുതുക്കിയ ബജറ്റ് | 1-2-1 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-11 |
| 22 | കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയില്ല | 1-12 |
| 23 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി - തറ നി**ർ**മിതിയുടെ അടിസ്ഥാനത്തി**ൽ** ഉള്ള നികുതി വ**ർ**ദ്ധനവ് കണക്കാക്കിയില്ല | 1-13 |
| 24 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-14 |

| | | |
|---|---|---|
| 25 | സേവന ഉപനികുതി ചുമത്തുന്നതിലെ അപാകത | 1-15 |
| 26 | ഇ-ടെണ്ടർ ഫീ തുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല | 1-16 |
| 27 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല | 1-17 |
| 28 | SSK വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹450000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 29 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-19 |
| 30 | സാന്ത്വന പരിചരണം പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.₹15814 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 31 | ഹോമിയോ NHM ഡിസ്പെൻസറികളിലേക്ക് മരുന്നു വാങ്ങൽ -തുക ₹400000 തടസ്സപ്പെടുത്തുന്നു | 1-21 |
| 32 | ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഗ്ലൂക്കോമീറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ₹30000 തടസ്സപ്പെടുത്തുന്നു | 1-22 |
| 33 | ഊരത്തൂർ PHC യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- ₹54709 തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അപാകങ്ങൾ | 1-24 |
| 35 | എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 37 | ഇൻഫോർമേഷൻ കേരള മിഷന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹71492യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 38 | ഊരത്തൂർ പൊതുശ്മശാനം നടത്തിപ്പ്-അപാകതകൾ | 1-28 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ വിവരം, വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 40 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 1-30 |
| 41 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-31 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പടിയൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16.06.2023 ലെ 152/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22.6.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
21.09.2023

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല : 1-4-2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി

ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. New Building Register പ്രകാരം 294 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31-3-2022ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി വരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതിത്തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-4 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ - അപാകത

എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ : ബി-1 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബി-9 ഷെഡ്യൂൾ പ്രകാരമുള്ള സ്റ്റെയിൽ ചെക്ക് തുകയായ ₹5311 പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

## 1-1-8 അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുക ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം നല്കിയിട്ടുള്ള ₹126615 ഗ്രാമ പഞ്ചായത്തിലേക്ക് തിരികെ നല്കിയിട്ടില്ല.

## 1-1-9 വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല

മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹84322 യും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹472654 യും ചെലവഴിക്കുകയോ വിനിയോഗിക്കാൻ കഴിയാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

## 1-2 ബജറ്റ്

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 26-3-2022 ലെ 54/22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11446765 |
| വരവ് | 313563467 |
| ആകെ | 325010232 |
| ചെലവ് | 319790467 |
| നീക്കിയിരിപ്പ് | 5219765 |

## 1-2-1 പുതുക്കിയ ബജറ്റ്

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 24-3-2023 ലെ 92/23 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14434036 |
| വരവ് | 321430467 |
| ആകെ | 335864503 |
| ചെലവ് | 315082467 |
| നീക്കിയിരിപ്പ് | 20782036 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 22683688 |
| വരവ് | 61592542 |
| ആകെ | 84276230 |
| ചെലവ് | 29489965 |
| നീക്കിയിരിപ്പ് | 54786265 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 10,72,015 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | ഇല്ല | 18000000 | 18000000 | 16270790 | 1729210 |
| വികസന ഫണ്ട് (എസ്.സി.പി.) | ഇല്ല | 1414000 | 1414000 | 1367574 | 46426 |
| വികസന ഫണ്ട് (ടി.എസ്.പി.) | ഇല്ല | 2868000 | 2868000 | 2800971 | 67029 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ഇല്ല | 5372000 | 5372000 | 2747493 | 2624507 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ഇല്ല | 7703000 | 7703000 | 2210780 | 5492220 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 199087 | 3247498+ 144036(പലിശ) | 3590621 | 1472192 | 2118429 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2504460 | 5565568 | 8070028 | 2819150 | 5250878 |
| സാക്ഷരത | 4277 | 172 | 4449 | ഇല്ല | 4449 |
| ശുചിത്വ മിഷൻ | 2456022 | ഇല്ല | 2456022 | 256947 | 2199075 |
| എം പി ഫണ്ട് | 12448 | 340 | 12788 | ഇല്ല | 12788 |
| ലൈഫ് | 400000 | 14520000 | 14920000 | 1300000 | 13620000 |
| ഐ ടി ഡി പി | 157429 | ഇല്ല | 157429 | ഇല്ല | 157429 |
| ടോട്ടൽ സാനിറ്റേഷൻ | 34395 | ഇല്ല | 34395 | ഇല്ല | 34395 |
| ഐ സി ഡി എസ് | 1457573 | 1396676 | 2854249 | 193091 | 2661158 |
| അവാർഡ് തുക- മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് | 178523 | ഇല്ല | 178523 | 156735 | 21788 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 84322 | ഇല്ല | 84322 | ഇല്ല | 84322 |
| ബ്ലോക്ക് വിഹിതം | 463763 | 1200000 | 1663763 | 1191109 | 472654 |
| വിമുക്തി | 87850 | ഇല്ല | 87850 | ഇല്ല | 87850 |
| കുടുംബശ്രീ ചാലഞ്ച് ഫണ്ട് | 1118733 | ഇല്ല | 1118733 | ഇല്ല | 1118733 |
| എംജിഎൻആർ ഇജിഎസ് | 729 | 56911061 | 56911790 | 56908168 | 3622 |
| ഹെൽത്ത് ഗ്രാന്റ് | 237962 | ഇല്ല | 237962 | ഇല്ല | 237962 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 176 | 124695652 | 115 | 45606396 | 55 | 61 | 34.09 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 29 | 23 | 6425685 | 5871636 | 91.38 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 20 | 14 | 4126230 | 2995449 | 72.6 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 29 | 26664714 | 7906237 | 29.65 |
| 4 | കൃഷി ഓഫീസർ | 3 | 3 | 2845000 | 2192211 | 77.05 |
| 5 | വി.ഇ.ഒ,പടിയൂർ | 12 | 10 | 64815400 | 15911517 | 24.55 |
| 6 | വി.ഇ.ഒ,കല്യാട് | 11 | 8 | 6588160 | 1186199 | 18 |
| 7 | മെഡിക്കൽ ഓഫീസർ, PHC | 10 | 8 | 2559755 | 1376671 | 53.78 |
| 8 | മെഡിക്കൽ ഓഫീസർ, GAD | 4 | 2 | 1500000 | 1200000 | 80 |
| 9 | വെറ്റിനറി സർജൻ | 8 | 8 | 2009208 | 2002483 | 99.67 |
| 10 | ICDS സൂപ്പർവൈസർ | 11 | 8 | 5921500 | 3948993 | 66.69 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1120000 | 895000 | 79.91 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 120000 | 120000 | 100 |
| | ആകെ | 176 | 115 | 124695652 | 45606396 | 36.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 729 | 1656910 | 1657639 | 1654017 | 3622 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 55254151 | 55254151 | 55254151 | ഇല്ല |
| ആകെ | 729 | 56911061 | 56911790 | 56908168 | 3622 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽരഹിത വേതനം | 30 | 43920 |
| കർഷകതൊഴിലാളി പെൻഷൻ | 631 | 6913400 |
| വിധവാ പെൻഷൻ | 877 | 9491400 |
| വാർദ്ധക്യകാല പെൻഷൻ | 1777 | 17642500 |
| വികലാംഗ പെൻഷൻ | 281 | 2991000 |
| അവിവാഹിത പെൻഷൻ | 49 | 530600 |
| വിവാഹ ധനസഹായം | 2 | 60000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-7-2023 ന് 12.35 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18,652 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായത് തുടർന്നും പുതുക്കി ലഭ്യമായിട്ടുണ്ട്. നികുതി, നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യഥാസമയം നോട്ടീസ് നൽകി പണം പിരിച്ചെടുക്കുന്നതിന് തൃപ്തികരമായ നിലയിൽ മോണിട്ടറിംഗ് നടത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ബന്ധപ്പെട്ട ചട്ടങ്ങൾക്കനുസൃതമായാണ് എന്ന് എഞ്ചിനീയറിംഗ് വിഭാഗം തൃപ്തികരമായ നിലയിൽ പരിശോധിക്കുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഐ.എൽ.ജി.എം.എസ് മുഖേന പണം പിരിവ്, വിവിധ സേവനങ്ങൾ പ്രദാനം ചെയ്യൽ, തനത് ഫണ്ട് ചെലവുകൾ എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ച പ്രവർത്തനത്താൽ ആഭ്യന്തരനിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെട്ട നിലയിലാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ 5/2022, 8/2022, 9/2022, 1/2023 എന്നീ മാസങ്ങളിൽ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് ഗുണഭോക്താക്കളെ അംഗീകരിക്കൽ, വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഭിന്നശേഷി സവിശേഷ

തിരിച്ചറിയൽ കാർഡിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച വിശദീകരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നീ വിഷയങ്ങൾ പ്രധാന അജണ്ടകളായി ചർച്ച ചെയ്യുകയും പ്രസ്തുത വിഷയങ്ങളിൽ ഗ്രാമസഭ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 3/56 | വെള്ളുവ സരോജിനി അമ്മ | 61 |
| 2 | 4/345 | കൊളപ്പ ജാനകി | 61 |
| 3 | 6/127 | കുഞ്ഞിവളപ്പിൽ നാരായണൻ | 61 |
| 5 | 6/160 | എണ്ണക്കടം പൂവ്വത്തിങ്കൽ പത്രോസ് | 61 |
| 6 | 10/67 | മീനോത്ത് ഗോവിന്ദൻ | 61 |
| 7 | 14/296 | രമണി | 61 |
| 8 | 6/39 | കിണ്ട്യൻ മുകുന്ദൻ | 62 |
| 9 | 6/262 | കമലാക്ഷി പുതിയപുരയിൽ | 62 |
| 10 | 6/330 | പുതിയപുരയിൽ കുഞ്ഞപ്പ | 62 |
| 11 | 8/377 | തൈപ്പറമ്പിൽ പ്രഭാകരൻ | 62 |
| 12 | 2/21 | കെ വി കല്ല്യാണി | 63 |
| 13 | 7/334 | കുനിയത്ത് ബബിന കെ ബി | 64 |
| 14 | 12/288 | ഞാലിൽ കരുണാകരൻ | 64 |
| 15 | 3/114 | കണ്ണംകുന്നേൽ ജോണ് | 65 |
| 16 | 5/225 | പി കെ ചന്ദ്രൻ | 65 |
| 17 | 7/356 | കോട്ടി നാണ | 65 |
| 18 | 9/278 | കരിനാട്ട് ശിവൻ | 65 |
| 19 | 13/30 | നിട്ടൂർ പോക്കർ | 65 |
| 20 | 8/218 | പെരുന്നേപറമ്പിൽ സിന്ധു | 66 |
| 21 | 5/55 | തറപ്പേൽ മറിയം | 68 |
| 22 | 5/8 | മഞ്ഞക്കാലായിൽ ജോസ് | 70 |
| 23 | 5/45 | തടിക്കൽ കരുണാകരൻ | 70 |
| 24 | 8/159 | ചീരങ്ങോട് നാരായണൻ | 70 |
| 25 | 8/381 | കലിഞ്ഞാലിൽ ശ്രീധരൻ | 70 |
| 26 | 13/244 | മാരോൻ ഫാത്തിമ | 70 |
| 27 | 8/310 | പരയ്ക്കാട്ട് അന്നമ്മ | 71 |
| 28 | 14/392 | പരക്കോത്ത് വളപ്പിൽ കുഞ്ഞിരാമൻ | 71 |
| 29 | 8/59 | എടക്കാട്ട് വേലിൽ ചാക്കോ | 72 |
| 30 | 8/192 | വയലമ്പ്രോൻ ശാരദ | 72 |
| 31 | 9/279 | കരിനാട്ട് കൃഷ്ണൻ | 72 |
| 32 | 11/46 | മുണ്ടയാടൻ തമ്പായി അമ്മ | 72 |
| 33 | 3/128 | മൂരിക്കുന്നേൽ ജോൺ | 73 |
| 34 | 3/105 | നിരപ്പേൽ തോമസ് | 74 |
| 35 | 3/131 | പാടത്ത് ഇട്ടൂണ്ടൻ | 74 |
| 36 | 7/132 | കുളത്തിങ്കൽ ജോഷി, കാവിൽ പുരയിടത്തിൽ വിജി ജോഷി | 75 |
| 37 | 11/304 | ഫാത്തിബി പി | 75 |
| 38 | 13/303 | കെ പി കമാൽ | 75 |
| 39 | 5/77 | പി കെ ശശി തടിക്കൽ | 77 |
| 40 | 12/127 | വെള്ളുവ പറമ്പിൽ അലി | 77 |
| 41 | 3/143 | പള്ളിത്താഴത്ത് ജോസ് | 78 |
| 42 | 13/368 | മിനിക്കൻ കുൽസുമ്മ | 78 |
| 43 | 5/182 | വള്ളിക്കുന്നേൽ ബാലകൃഷ്ണൻ | 79 |
| 44 | 8/144 | പുത്തൻ വളപ്പിൽ യശോദ | 84 |
| 45 | 11/16 | ഓർക്കാട്ടേരി ഗോപാലൻ നമ്പ്യാർ | 84 |
| 46 | 5/47 | ഒറ്റപ്ലാക്കൽ ദേവസ്യ | 85 |

| | | | |
|---|---|---|---|
| 47 | 5/54 | മാവില കാർത്ത്യാനി | 86 |
| 48 | 9/263 | കുറ്റ്യാടൻ പത്മിനി | 86 |
| 49 | 9/60 | കെ ടി തോമസ് | 115 |
| 50 | 5/309 | കുടക്കാട്ട് മത്തായി | 118 |
| 51 | 14/433 | കെ.കെ.രാജൻ | 111 |
| 52 | 5/296 | അഴകംപറമ്പിൽ അന്നമ്മ ഫ്രാൻസിസ് | 103 |
| 53 | 5/297 | വി കെ ഗോപാലൻ | 100 |
| 54 | 5/288 | മലയിൽ ശശി | 85 |
| 55 | 5/286 | മുന്നോടിയിൽ സുകുമാരൻ | 84 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 15/24.07.2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങളാണ് ഇവയെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ ബേസ് ഡാറ്റയിൽ നിലവിലെ നികുതി പൂജ്യം ആയി രേഖപ്പെടുത്തിയതും ഘടനാപരമായി മാറ്റം സംഭവിച്ച കെട്ടിടങ്ങളിൽ ഉൾപ്പെടാത്തവയായതിനാലുമാണ് നികുതി കണക്കാക്കാതിരുന്നതെന്നും സ്ഥലപരിശോധന നടത്തി നികുതി നിർണ്ണയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണ്.

## 1-12 കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയില്ല

2016-17, 2017-18 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രകാരം താഴെപ്പറയുന്ന അപാകങ്ങളുണ്ട്. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 13/256 | പിണ്ടാത്തിൽ രമേശൻ | 19/17-18 29.05.17 To 28.05.20 | GF- 72.23 FF-60.18 | 62 |
| 2 | 11/205 B | പടുവിലാൻ പ്രേമൻ | 20/17-18 24.05.17 To 23.05.20 | GF-78.20 FF-63.92 | 77 |
| 3 | 15/213 A | കെ. ആർ. രാജേഷ് | 122/16-17 02.03.17 To 01.03.20 | GF-117.85 FF-88.47 | 121 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനുമാവില്ല. ഇതു സംബന്ധിച്ച് 11/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ്തല പരിശോധന നടത്തി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാനച്ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-13 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി - തറ നിർമിതിയുടെ

## അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതി വേറെ വേറെയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മണ്ണേരി വാർഡിൽ (വാർഡ് നം.1) പി. എം. അൻസീല എന്നവരുടെ ഉടമസ്ഥതയിലുള്ള 277.88 ച.മീ തറ വിസ്തീർണമുള്ള മൂന്ന് നില വാണിജ്യ കെട്ടിടത്തിലെ (പെർമിറ്റ് നം A2-BA(300657)/21 തീയ്യതി: 05.10.2021) മുറികളുടെ നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്നതിന് പ്രകാരമാണ് സഞ്ചയയിൽ നടത്തിയിരിക്കുന്നത്.

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | പ്രഥമം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | പ്രൈവറ്റ് റോഡ് |
| റോഡിന്റെ തരം | 1.5 മീറ്ററോ അതിൽ കൂടുതൽ |
| തറ നിർമ്മിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ |

ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചതായി കാണുന്നില്ല.

| കട മുറിയുടെ നമ്പർ | നില | തറ വിസ്തീർണം | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | സഞ്ചയ പ്രകാരം നിർണ്ണയിച്ച ആകെ നികുതി (വസ്തു നികുതി + ലൈബ്രറി സെസ്സ് ) |
|---|---|---|---|---|---|
| 1/149 G | ഗ്രൗണ്ട് ഫ്ലോർ | 77.78 | ഇല്ല | ഇല്ല | 1634 |
| 1/149 H | ഒന്നാം നില | 93.9 | ഇല്ല | ഇല്ല | 1972 |
| 1/149 I | രണ്ടാം | 93.9 | 20% | ഇല്ല | 2231 |

| | | |
|---|---|---|
| | നില | |
| | മൂന്നാം നില | 12.3 |

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 19/25-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണം പരിഗണിച്ച് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നല്കുന്നതിനുള്ള സംവിധാനം സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതു കാരണമാണ് വർദ്ധനവ് വരുത്താതിരുന്നത് എന്ന മറുപടിയാണ് നല്കിയത്. പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന 15% വർദ്ധനവ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 7 അനധികൃത കെട്ടിടങ്ങളാണുള്ളത്.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 5/87/A | പുതിയ വീട്ടിൽ മുകുന്ദൻ |
| 2 | 5/245/A1 | കാരിക്കൽ വിനോദ് |
| 3 | 5/253/A | സജേഷ് ടി. എൻ |
| 4 | 5/311/B | നിർമ്മല |
| 5 | 9/188/UA | കിഴക്കേവീട്ടിൽ ശശിധരൻ |
| 6 | 9/369/A | വള്ളിക്കാവുമ്മൽ ജോസഫ് |
| 7 | 10/383/A | എം. നിർമ്മല |

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 458 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 10/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സേവന ഉപനികുതി ചുമത്തുന്നതിലെ അപാകത

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |

| | | |
|---|---|---|
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിൽ സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും പടിയൂർ ഗ്രാമപഞ്ചായത്ത് നല്കുന്ന ഇത്തരം സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാകുന്നതിന് 9/24-07-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 18-04-2023 ലെ 114/(5)/23 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ശുചിത്വപരിപാലനം സംംബന്ധിച്ച സേവനങ്ങൾക്ക് 5% സേവന ഉപനികുതി ചുമത്തുന്നതിന് തീരുമാനിച്ചതായി സെക്രട്ടറി മറുപടി നൽകിട്ടുണ്ട്. ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീ തുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും പടിയൂർ ഗ്രാമ പഞ്ചായത്തിന് 2019-20 മുതൽ 2021-22 വർഷം വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇനത്തിലുള്ള ₹115109 ഇതുവരെയും ലഭിച്ചിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2019-20 | 82098 |
| 2 | 2020-21 | 29248 |
| 3 | 2021-22 | 3763 |
| | ആകെ | 115109 |

## 1-17 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | നികുതി ഇനം | 31-3-2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക | |
|---|---|---|---|
| | | തൻവർഷം | അരിയർ |

| | | | |
|---|---|---|---|
| 1 | വസ്തുനികുതി(Residential Buildings) | ₹ 10755 | ₹ 73235 |
| 2 | വസ്തുനികുതി(Non-Residential Buildings) | 163377 | ₹ 1332337 |
| 3 | Receivables From Government-Others | ₹32474 | - |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് 17/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വസ്തു നികുതി കുടിശ്ശികയുള്ള തുകകൾ ഈടാക്കുന്നതിന് കോടതിയിൽ നിലവിൽ കേസ് നടക്കുകയാണെന്നാണ് മറുപടി നൽകിയത്. Receivables From Government-Others എന്ന ഇനത്തിൽ കുടിശ്ശികയുള്ള ₹32474 CGST ഇനത്തിൽ ഇനം മാറി സർക്കാരിലേക്ക് ഒടുക്കിയ തുകയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നല്കിയത്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 SSK വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹450000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
|---|---|---|---|
| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ്/ബിൽ നമ്പർ & തീയതി | തുക നൽകിയത് |
| 40/23 SSK വിഹിതം നൽകൽ | ₹450000 വികസനഫണ്ട് പൊതുവിഭാഗം | ₹450000 വികസന ഫണ്ട് 22190552010500425196/12-08-2022 | SSK കണ്ണൂർ |

സെക്രട്ടറി നടപ്പിലാക്കിയ SSK പദ്ധതിക്ക് വിഹിതം നൽകൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത സംബന്ധിച്ച് 5/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക ₹450000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020ലെ സർക്കുലർ നമ്പർ എസി.1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 വാർഷിക ധനകാര്യ പത്രിക ബി-7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി ₹378843 നീക്കിയിരിപ്പുണ്ട്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുക സംബന്ധിച്ച കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് 16/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-20 സാന്ത്വന പരിചരണം പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.₹15814 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണം പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് /ഫണ്ടിനം | കെ.എം.എസ്. സി.എൽ -ന് നൽകിയ തുക/ ബിൽ നം/തീയതി. | കെ.എം.എസ്. സി.എൽ ഇൻവോയിസ് നം/തീയതി. | ലഭിച്ച മരുന്നുകൾ (₹) |
|---|---|---|---|
| 20/23<br>സാന്ത്വന പരിചരണം<br>വികസന ഫണ്ട്<br>ജനറൽ :₹815700<br>ജില്ലാ പഞ്ചായത്ത് വിഹിതം:₹815700<br>ആകെ അടങ്കൽ : ₹1631400<br>ആകെ ചെലവ്: ₹723375 | ₹113623<br>22190552011301357887/ 15-03-2023 | 28105/29-03-2023 | ₹8964 |
| | | 2843/30-03-2023 | ₹6390 |
| | | 259/04-04-2023 | ₹41156 |
| | | 4319/19-05-2023 | ₹3667 |
| | | 502/06-04-2023 | ₹37632 |
| | | ആകെ ലഭിച്ച മരുന്നുകൾ | ₹97809 |
| | | ആകെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | ₹15814 |

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.22190552011301357887/15-03-2023 പ്രകാരം തുക ₹113623 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്. എന്നാൽ ₹97809 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ₹15814 (113623-97809) യുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹15,814 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററുകളും അനുബന്ധ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഹോമിയോ NHM ഡിസ്പെൻസറികളിലേക്ക് മരുന്നു വാങ്ങൽ -തുക ₹400000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രൊജക്ട് നമ്പർ / പേര് | 67/23<br>ഹോമിയോ NHM ഡിസ്പെൻസറികളിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹400000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹400000 ബിൽ നമ്പർ: 22190552011200890934 / 10-12-2022 |

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിലെ NHM ഹോമിയോ ഡിസ്പൻസറി കുയിലൂർ, NHM ഹോമിയോ ഡിസ്പൻസറി ബ്ലാത്തൂർ എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ PF234 /13-09-22 പ്രകാരം ₹200000 യും ഇൻവോയ്സ് നമ്പർ PF908/29-11-22 പ്രകാരം ₹200000 ഉൾപ്പെടെ ആകെ ₹400000 മേൽ ബിൽ പ്രകാരം ഹോംകോവിന്റെ മാനേജിങ്ങ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കുന്നതിന് 06/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക ₹400000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ അടക്കം ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഗ്ലൂക്കോമീറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ₹30000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 168/23<br>ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പുകൾ |

| | |
|---|---|
| | സംഘടിപ്പിക്കുന്നതിനായി ഗ്ലൂക്കോമീറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹30000 വികസന ഫണ്ട് |
| ചെലവ് | ₹30000<br>ബിൽ നമ്പർ : 2219055201130078439З/17-11-2022 |

ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഗ്ലൂക്കോമീറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹30000 ചെലവഴിച്ച് ഒരു ഒരു ഗ്ലൂക്കോമീറ്ററും അനുബന്ധ ഉപകരണങ്ങളും (ലാൻസെറ്റ്, ഗ്ലൂക്കോമീറ്റർ സ്ട്രൈപ്സ്) വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ലക്ഷ്യമായി പറയുന്ന ജീവിത ശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെ വിവരവും രോഗ നിർണ്ണയം വഴി കണ്ടെത്തിയ ജീവിതശൈലീ രോഗികളുടെ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 22/27-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഊരത്തൂർ PHC യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- ₹54709 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊജക്ട് നമ്പർ / പേര് | 190/23 ഊരത്തൂർ PHC യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹55000 |
| ചെലവ് | ₹54709<br>ബിൽ നമ്പർ : 22190552011301513575/28-03-2023 |

മേൽ പ്രൊജക്ടിന്റെ ഭാഗമായി കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി ₹54709 കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് 26/27-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക ₹54709 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ- അപാകങ്ങൾ

2022-23 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നമ്പർ / പേര് | 48/23<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ. |
| അടങ്കൽ | ₹550000 വികസന ഫണ്ട് ജനറൽ<br>₹170000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹400000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹1120000 |
| ചെലവ്<br>₹895000 | ₹550000 വികസന ഫണ്ട് ജനറൽ വിഹിതം<br>₹170000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹175000 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ആകെ: ₹895000 |

2022-23 സാമ്പത്തിക വർഷത്തിൽ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് മൂന്ന് നിരക്കിൽ സബ്സിഡി നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പടിയൂർ, കല്ലുവയൽ, കല്യാട്, തിരൂർ, പയ്യാവൂർ, ഉളിക്കൽ, കുട്ടുമുഖം എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു. സാധാരണ സർക്കാരിൽ നിന്നു ലഭിക്കുന്ന ഒരു രൂപ കൂടി ഉൾപ്പെടുത്തി പഞ്ചായത്ത് വിഹിതമായ മൂന്ന് രൂപയും കൂടി നാല് രൂപയാണ് നൽകിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷം സർക്കാർ വിഹിതമായ ഒരു രൂപ നൽകിയിട്ടില്ലാത്തതിനാൽ ക്ഷീരകർഷകർക്ക് അർഹമായ തുക ലഭിച്ചിട്ടില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

1. പദ്ധതി കാലയളവിലെ 2022 ഏപ്രിൽ, മെയ്, ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 07/2022, 11/2022 മുതൽ 03/2023 എന്നീ മാസങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്കു കൂടി സബ്സിഡി നൽകുവാൻ മതിയായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ ഫയൽ പ്രകാരം ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ ലിസ്റ്റ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ നടത്താതെയാണ് നിർവ്വഹണോദ്യഗസ്ഥൻ തുക അനുവദിച്ചിരിക്കുന്നത്.
ഇത് സംബന്ധിച്ച് 25/27-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ്/ബിൽ നമ്പർ & തീയതി | തുക നൽകിയത് |
|---|---|---|---|
| 194/23<br>എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | ₹50000<br>വികസനഫണ്ട് പൊതുവിഭാഗം | ₹50000<br>2219055201050151843З/<br>28-03-2023 | ജില്ലാ പഞ്ചായത്തിന് |

പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/24.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹50000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എ ബി സി പദ്ധതി നടപ്പാക്കാനായി സ്വീകരിച്ച നടപടികളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 96/23 കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹437500 വികസന ഫണ്ട്<br>₹437500 ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ : ₹875000 |
| ചെലവ് | ₹437500<br>ബിൽ നമ്പർ : 2219055201101366377/16-03-2023 |

പടിയൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ തെരഞ്ഞെടുത്ത 35 കർഷകരുടെ 4 മുതൽ 6 വരെ പ്രായമുള്ള 35

കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ അളവിൽ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (TSB A/c No.719011400000003) ₹437500 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 7/24-07-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-27 ഇൻഫോർമേഷൻ കേരള മിഷന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹71492യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഇൻഫൊർമേഷൻ കേരള മിഷന് വിഹിതം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം ഇതിന്റെ ഭാഗമായി സെക്രട്ടറി നടപ്പിലാക്കിയ ഇൻഫൊർമേഷൻ കേരള മിഷന് വിഹിതം നൽകൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ്/ബിൽ നമ്പർ & തീയതി | തുക നൽകിയത് |
|---|---|---|---|
| 29/23, ഇൻഫൊർമേഷൻ കേരള മിഷന് വിഹിതം നൽകൽ | ₹71492 വികസന ഫണ്ട് പൊതുവിഭാഗം | ₹71492 22190552010500425100/ 28-03-2023 | ഇൻഫൊർമേഷൻ കേരള മിഷന് |

പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/24.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക ₹71492 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഊരത്തൂർ പൊതുശ്മശാനം നടത്തിപ്പ്-അപാകതകൾ

ഊരത്തൂർ പൊതുശ്മശാനം പരിപാലന കമ്മിറ്റിക്ക് വേണ്ടി യൂസർഫീ ശേഖരിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. രശീത് ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

2. രശീത് ബുക്കുകൾ ആരുടെ കൈവശമാണ് സൂക്ഷിച്ചതെന്ന് വ്യക്തമല്ല.

3. രശീത് ഉപയോഗിച്ച് തുക ഈടാക്കിയിട്ടുണ്ടോയെന്നും ആയത് പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ടോയെന്നും വ്യക്തമല്ല.

4. ഗ്രാമപഞ്ചായത്തിന്റെ 30-10-2020ലെ 2/1 നമ്പർ തീരുമാന പ്രകാരം ശ്മശാന പരിപാലനത്തിനും മൃതദേഹം സംസ്കരിക്കുന്നതിനും ആളെ നിയമിക്കുന്നതിനും ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് ₹2000 യൂസർഫീ ഈടാക്കുന്നതിനും ആയത് സംബന്ധിച്ച് ബൈലോ തയ്യാറാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബൈലോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല.

5. ശ്മശാന പരിപാലനത്തിനും മൃതദേഹം സംസ്കരിക്കുന്നതിനും ആളെ നിയമിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായിട്ടില്ല.

6. 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ 52/23 നമ്പർ പ്രോജക്ട് പ്രകാരം ഊരത്തൂർ പൊതുശ്മശാന നടത്തിപ്പ് - അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനായി ₹50000 വകയിരുത്തി ₹33600 ചെലവഴിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 69/23 നമ്പർ പ്രോജക്ട് പ്രകാരം ഊരത്തൂർ പൊതുശ്മശാനം പുനരുദ്ധാരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച ₹1220000 യിൽ ₹1191109 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ശ്മശാനത്തിൽ നിന്നുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

മുഴുവൻ രശീത് ബുക്കുകളും സ്റ്റോക്കിലെടുത്ത്, കലക്ഷൻ രജിസ്റ്ററിൽ ചേർത്ത് തുക ഒടുക്കിയ വിശദവിവരങ്ങൾ ചേർത്ത് യൂസർഫീ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഊരത്തൂർ പൊതുശ്മശാന നടത്തിപ്പ് സംബന്ധിച്ചുള്ള ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ വിവരം, വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 4/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹1300800 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹437320 ബിൽ നമ്പർ/തീയതി : 145/11-01-2023<br>₹86271 ബിൽ നമ്പർ/തീയതി : 151/21-01-2023<br>₹749242 ബിൽ നമ്പർ/തീയതി : 175/27-02-2023<br>ആകെ : ₹1272833 |

മേൽ പദ്ധതി പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ സെക്ഷനുകളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ, ഇരിക്കൂർ | ₹ 749242 |
| ഇലക്ട്രിക്കൽ സെക്ഷൻ, ഇരിട്ടി | ₹ 437320 |
| ഇലക്ട്രിക്കൽ സെക്ഷൻ, പേരാവൂർ | ₹86271 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകളുണ്ട്.

1. മേൽ പ്രകാരം ഡെപ്പോസിറ്റ് ചെയ്തതിൽ ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂർ, ഇലക്ട്രിക്കൽ സെക്ഷൻ ഇരിട്ടി എന്നിവ പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. സർക്കുലർ നമ്പർ ഡി എ 1/179/22/തസ്വഭവ തീയതി 10-07-2022 പ്രകാരം കെ എസ് ഇ ബി, കെ ഡബ്ല്യു എ, ജി ഡബ്ല്യു എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് 21/25-07-2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ വിവരം, വിനിയോഗവിവരം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഊരത്തൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 173(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ആശുപത്രി വികസന ഫണ്ട് രൂപീകരിക്കേണ്ടതും ചട്ടം 9 പ്രകാരം പ്രസ്തുത ഫണ്ടിന്റെ കണക്കുകൾ എല്ലാ വർഷവും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇപ്രകാരം ഓഡിറ്റ് നടത്തുന്നതിനായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തനത് വരുമാന വർദ്ധനവ് -അവലോകനം

01-04-2022 മുതൽ 31-03-2023 വരെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ 06-10-2022 തീരുമാന നമ്പർ 31/2022 പ്രകാരം വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. 25-02-2023 ലെ 06/2023 നമ്പർ തീരുമാന പ്രകാരം 2023-24 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 2023-24 വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പദ്ധതിയേതര വരവുകളും അനിവാര്യ ചെലവുകളും വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല. മാത്രമല്ല ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ളതല്ലാത്ത കെട്ടിടങ്ങൾക്ക് ഇളവ് നല്കിയതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം പാലിച്ച് കരട് വിജ്ഞാപനം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി (114(2)/23/18-04-2023) അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയോ സോഫ്റ്റ്‌വെയർ അപ്ഡേഷന് ചെയ്യുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്ത 5% അധിക നികുതിയാണ് ഈടാക്കുന്നത്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിട നിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനനിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ് (കേരള പഞ്ചായത്ത്‌രാജ് നിയമം 235W (iii)). മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് (നിയമാനുസൃതമെങ്കിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേരുന്ന തുക) പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ അധിക നിർമ്മിതി ഗ്രമപഞ്ചായത്ത് അറിഞ്ഞു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 458 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക കെ.എസ്.ഇ, കെ.ഡബ്ല്യു.എ എന്നിവയ്ക്ക് നൽകിയിട്ടുണ്ട് വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രോജക്ട് നമ്പർ / പേര് | നിർവ്വഹണ ഏജൻസി | ബിൽ/ വൗച്ചർ നമ്പർ | തുക | എഗ്രിമെന്റ് നമ്പർ/ തീയതി | പൂർത്തീകരിച്ച വിവരം | ക്രമീകരിക്കാൻ ബാക്കി |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2021-22 | 109/22 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 2021-22/P/5 29-01-2022 | 1500000 | 17/21-22 | ₹1352170 ചെലവഴിച്ചതായി ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി തുക ₹1,47830 തിരികെ നൽകിയിട്ടുണ്ട്. | ഇല്ല |
| 2 | 2021-22 | 108/22 വിവിധ ഘടക സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ | KWA | XVFC/2021-22/P/6 15-02-2022 | 217000 | 19/21-22 | ₹214509 ചെലവഴിച്ചതായി ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി തുക ₹2491 തിരികെ നൽകിയിട്ടുണ്ട്. | ഇല്ല |
| 3 | 2021-22 | 107/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | KSEB | 2021-22/P/2 23-11-2021 | 168858 | ആകെ 1152990 എഗ്രിമെന്റ് നം 15, 16, 18/21-22 | ₹39530 യുടെയും, ₹314470 യുടെയും പ്രവൃത്തി പൂർത്തീകരിച്ച് KSEB ഇരിട്ടി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് | 798990 |
| | | | | 2021-22/P/12 19-03-2022 | 39530 | | | |
| | | | | 2021-22/P/1 20-11-2021 | 630132 | | | |
| | | | | 2021-22/P/3 30-11-2021 | 314470 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 2022-23 | 126/23 മണ്ണേരി പട്ടിക വർഗ്ഗ കോളനിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | KSEB പയ്യാവൂർ | 22190552010801535064 | 100000 | 2/22-23 01.07.23 | പ്രവൃത്തി പൂർത്തീകരിച്ചു | ഇല്ല |
| 5 | 2022-23 | 4/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | KSEB പയ്യാവൂർ | 2101202317178 21-01-2023 | 86271 | 3/22-23- 21.01.23 | 86271 യുടെ പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു | ഇല്ല 1186562 |
| | | | KSEB ഇരിട്ടി | 1101202320279 11-01-2023 | 437320 | 4/22-23 11.01.23 | | |
| | | | KSEB ഇരിക്കൂർ | 103202361279 1-03-2023 | 749242 | 5/22-23 01.03.23 | | |
| ആകെ | | | | | 4242823 | | | 1985552 |

മേൽ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ ആകെ തുക ₹4242823യിൽ ₹2106950 ചെലവഴിച്ചിട്ടുണ്ട്. ₹150321 തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗിക്കാൻ ബാക്കിയുള്ള ₹1985552യുടെ പ്രവൃത്തി പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്.

സർക്കുലർ നമ്പർ ഡി.എ.1/179/22/തസ്വഭവ തീയതി 10-07-2022 പ്രകാരം കെ എസ് ഇ ബി, കെ ഡബ്ല്യു എ, ജി ഡബ്ല്യു എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്ക് രജിസ്റ്റർ

ഡെപ്പോസിറ്റ് വർക്കിന്റെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 20-07-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.3/1192/2023<br>തീയതി: 21.09.2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 271700 | 2022-23 | 55/23<br>ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 271700 | ഇല്ല |
| 2 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | 2022-23 | 101/23<br>ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 500000 | ഇല്ല |
| 3 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | 2022-23 | 102/23<br>ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 500000 | ഇല്ല |
| 4 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 1200000 | 2022-23 | 69/23<br>ഊരത്തൂർ പൊതുശ്മശാനം പുനരുദ്ധാരണം | 1191109 | 8891 |
| 5 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 170000 | 2022-23 | 48/23<br>ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 170000 | ഇല്ല |
| | ആകെ | 2641700 | | | 2632809 | |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 630000 | 2022-23 | 210/23<br>ലൈഫ് 2020 ST | 630000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 240000 | 2022-23 | 209/23<br>ലൈഫ് 2020 SC | 240000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1956000 | 2022-23 | 101/23<br>ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 1956000 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2160000 | 2022-23 | 207/23<br>ലൈഫ് പൊതുവിഭാഗം | 2160000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1420000 | 2022-23 | 103/23<br>ലൈഫ് ഭവന പദ്ധതി പട്ടികജാതി | 1420000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1820000 | 2022-23 | 102/23<br>ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 1820000 | ഇല്ല |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 175000 | 2022-23 | 48/23<br>ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 175000 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ | 447400 | 2022-23 | 128/23 | 447400 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | ഗോത്രസാരഥി | | |
| | ആകെ | 8848400 | | | 8848400 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൌച്ചർ നമ്പർ | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്. ഇ.ബി | 4/23 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ബിൽ നമ്പർ 145/11-1-2023 | 437320 | പൂർത്തീ കരിച്ചിട്ടില്ല |
| | | ബിൽ നമ്പർ 151/21-1-2023 | 86271 | |
| | | ബിൽ നമ്പർ 175/25-3-2023 | 749242 | |
| | | ആകെ | 1272833 | |
| | 126/23 മണ്ണേരി പട്ടികവർഗ്ഗകോളനിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ബിൽ നമ്പർ 236/28-3-2023 | 100000 | 2023-24 ൽ പൂർത്തീകരിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 17202574 | 14430573 | - | 2221325 | | 12209248 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 10000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 10000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 10000 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് ഓപ്പറേറ്റീവ് ലിമിറ്റഡ് ( ബി ക്ലാസ് ഷെയർ ) 4443/13-05-2015 | 10000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹40554 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീതി നമ്പർ / തിയ്യതി |
|---|---|---|---|---|
| 2007-08 | 3-3 | 5371 | ടി. എം. മേരിക്കുട്ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1220101061/23-7-2022 |
| 2015-16 | 3-7(1) | 3895 | സജിത. എം. മുൻ അസിസ്റ്റന്റ് സെക്രട്ടറി | 1220101141/08-8-2022 |
| | 3-8(1) | 6860 | സവിത, മുൻ അസിസ്റ്റന്റ് സെക്രട്ടറി | 1220101142/08-8-2022 |
| 2017-18 | 3-12 | 2520 | അനിത. കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1220101172/12-8-2022 |
| 2019-20 | 1-15-1 | 2500 | മാനേജർ, ആലത്തുപറമ്പ കള്ള് ഷാപ്പ് | 1220101413/19-9-2022 |
| | 1-15 (1) | 1440 | മാനേജർ, ആലത്തുപറമ്പ കള്ള് ഷാപ്പ് | 1220101412/19-9-2022 |
| 2020-21 | 1-30 | 1150 | കെ. രാജൻ അസിസ്റ്റന്റ് സെക്രട്ടറി | 1220101215/23-8-2022 |
| | 1-36 | 390 | മനോഹരൻ. സി പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220101093/29-7-2022 |
| | 1-37 | 10471 | ശശിധരൻ. എം പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 1220101178/16-8-2022 |

| | | | | |
|---|---|---|---|---|
| | 1-37 | 5957 | മനോഹരൻ. സി<br>പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 1220101093/29-7-2022 |
| | ആകെ | 40554 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 61592542 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 29489965 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | Nil |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | Nil |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 10,72,015 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-18 | 4,50,000 | ശ്രീ.സുരേഷ് ബാബു.കെ, സെക്രട്ടറി |
| 1-20 | 15,814 | ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ, PHC |
| 1-21 | 4,00,000 | ഡോ. വീണ അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ, GAD |
| 1-22 | 30,000 | ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ, PHC |
| 1-23 | 54,709 | ഡോ. സത്യജൻ. ടി. പി. മെഡിക്കൽ ഓഫീസർ, PHC |
| 1-25 | 50,000 | ശ്രീ.അനിൽകുമാർ.എം, സെക്രട്ടറി |
| 1-27 | 71,492 | ശ്രീ.അനിൽകുമാർ.എം, സെക്രട്ടറി |
| ആകെ | 10,72,015 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നം തടസ്സത്തിനം ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ PHC, ഊരത്തൂർ | പുഷ്പക ഹൗസ്, കൂട്ടുമുഖം |
| ഡോ. വീണ അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ GAD | മെഡിക്കൽ ഓഫീസർ GAD, പടിയൂർ | മണലേൽ ഹൗസ്, പായം, പി.ഒ എട്ടൂർ |
| ശ്രീ.സുരേഷ് ബാബു.കെ, സെക്രട്ടറി | വിരമിച്ചു | 'ചാന്ദ്നി', പയഞ്ചേരി, ഇരിട്ടി.പി.ഒ, കണ്ണൂർ. |
| ശ്രീ.അനിൽകുമാർ.എം, സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത് | 'ശിവം', സ്വാമിക്കുന്ന്, തലശ്ശേരി, ധർമ്മടം.പി.ഒ, കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 13 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 2 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 1 |
| 2009-10, 2010-11, 2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 9 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 2 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 1 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1394/2022 തീയതി 12-10-2022 | 1 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1104/2021 തീയതി 03-12-2021 | 34 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 818/2022 തീയതി 15-6-2022 | 20 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/ 47/2023 തീയതി 28-3-2023 | 29 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 152/23 dated 16-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Padiyoor Kalliad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Padiyoor Kalliad Grama Panchayat for the year 2022-2023

Date: 21/09/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Padiyoor Kalliad Grama Panchayat for the Year 2022-2023.

**1.Major Observations**

1. B-1 Schedule of the Annual Financial Statements is not submitted.

2. Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. The Asset value shown in balance sheet (Schedule B-11 ) is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1. Mandatory financial statements such as Ratios prescribed in accounting rules is not submitted for audit.

2. Rs. 126615 as honorarium given to literacy promoters recorded under the head Advance to Others has not been

returned to Gram Panchayat.

3. Rs. 5311 the amount recorded as stale cheque in B-9 Schedule of the Annual Financial Statement has not been transferred to the Panchayat Fund.
4. Lapses in making timely and accurate demand entries in respect of Property Tax.
5. Documents related with the calculation of assets and depreciation have not been made available for inspection.
6. Unspent or unutilized amount Rs.84322 received as Zilla Panchayat share and Rs.472654 received as Block Panchayat share in the previous years was not refunded.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## RECEIPT & PAYMENT STATEMENT

| Padiyoor Kalliad Grama Panchayat | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22590302.00 |
| Cash | Cash | RP-40(a) | 93386.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 741490.00 |
| 140000000 | Fees & User Charges | RP-4 | 709236.00 |
| 150000000 | Sale & Hire Charges | RP-5 | 121745.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10774000.00 |
| 171000000 | Interest Earned | RP-9 | 627257.00 |
| 190000000 | Prior Period Income | RP-11 | 166302.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 19760.00 |
| 311000000 | Earmarked Funds | RP-28 | 419.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 27228807.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7233219.00 |
| 460000000 | Loans, Advances and Deposits | RP-49 | 20000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 13259287.00 |
| 340000000 | Deposits Received | RP-33 | 39387.00 |
| 350000000 | Other Liabilities | RP-35 | 651633.00 |
| | Grand total | | 84276230.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 4900.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3006667.00 |
| 460000000 | Loans, Advances and Deposits | RP-49 | 2221711.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 3000.00 |
| 350000000 | Other Liabilities | RP-35 | 24253687.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 54732551.00 |
| Cash | Cash | RP-40(b) | 53714.00 |
| | Grand Total | | 84276230.00 |

## Annex3-2

## INCOME & EXPENDITURE STATEMENT

| Padiyoor Kalliad Grama Panchayat |
|---|

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4547330.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 976619.00 |
| 150000000 | Sale & Hire Charges | I-5 | 121745.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 150750137.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 627257.00 |
| 180000000 | Other Income | I-9 | 13259287.00 |
| 190000000 | Prior Period Income | I-19 | 185077.00 |
| | Total Income | | 170282375.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12888573.00 |
| 220000000 | Administrative Expenses | I-11 | 1503115.00 |
| 230000000 | Operations & Maintenance | I-12 | 1290838.00 |
| 240000000 | Interest & Finance Charges | I-13 | 4433.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5237211.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 31567944.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1404538.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 32563158.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 37672820.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1654017.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 18917889.00 |
| | Total Expenditure | | 144704536.00 |
| | Gross Surplus / Deficit of income over Expenditure | | 25577839.00 |
| | Gross Surplus / Deficit of income over Expenditure | | 25743156.00 |
| 290000000 | Transfer to Reserve Funds/Prior Period Item | I-18 | -19760.00 |

| | | | |
|---|---|---|---|
| | (ILGMS) | | |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 165317.00 |

## Annex3-3

## BALANCE SHEET

| Padiyoor Kalliad Grama Panchayat | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 75804863.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 14958.00 |
| 312000000 | Reserves | B-3 | 59370926.00 |
| | Total Reserve & Surplus | | 135190747.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27633478.00 |
| | Total Grants, Contributions for Specific Purposes | | 27633478.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12209248.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 12209248.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 378843.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4152444.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4531287.00 |
| | TOTAL LIABILITIES | | 179564760.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 159407.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 5406341.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 159928896.00 |
| 416000000 | Accumulated Depreciation | B-11(a) | -65468035.00 |
| | Total Fixed Assets | | 100026609.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| 421000000 | Investments - Other Funds/Sundry Debtors | B-13 | 0.0 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4542297.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 54786265.00 |
| 460000000 | Loans, Advances and Deposits | B-18 | 19766827.00 |
| 461000000 | Accumulated Provisions against Loans, Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 79095389.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 179131998.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.